## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

നമ്പർ.VLD3/001057/2020(A&VB4) ചെയർമാൻ &മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ് പോർട്ട് ഭവൻ,ഫോർട്ട്,
തിരുവനന്തപുരം, തീയതി: 02.03.2024

## കാരണം കാണിക്കൽ നോട്ടീസ്

ആലുവ യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.എൻ സൈറോജ് എന്ന താങ്കൾക്ക് PL11/20468/07 Dtd:05.05.2007 എന്ന ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുകയും ആയതിനെ തുടർന്ന് 03.11.2012 ലെ ഉത്തരവ് പ്രകാരം ടി അവധി 5 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു.ടി അവധി കാലാവധി 30.06.2017 – ൽ അവസാനിച്ചിട്ടും ജോലിയിൽ പുനപ്രവേശിക്കാതെ താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും **ദീർഘകാലം ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് കോർപ്പറേഷന്റെ** സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ ആലുവ യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.എൻ സൈറോജ് –എന്ന താങ്കൾക്ക് 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 24.08.2021 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം കൈപ്പറ്റാതെ മടങ്ങിവന്നതിനെ തുടർന്ന് ഇൻസ്പെക്ടർ മുഖാന്തരം നടത്തിയ അന്വേഷണത്തിൽ താങ്കൾ കുടുംബസമേതം വിദേശത്താണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും) വിശദാന്വേഷണത്തിനായി ആലപ്പുഴ ജില്ലാധികാരിയെ ചുമതലപ്പെടുത്തുകയും താങ്കൾ വിചാരണയ്ക്ക് ഹാജരാകാത്തതിനെ തുടർന്ന് താങ്കളുടെ അഭാവത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമായ രേഖകളുടേയും സാക്ഷി മൊഴികളുടേയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് വിശദീകരണം താങ്കൾ ഒരു ഘട്ടത്തിലും നൽകിയതായി കാണുന്നില്ല. 01.07.2017 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി 1950 –ലെ RTC Act Section 18 പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ആയത് വഴി സ്ഥാപനത്തിന് അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ആകയാൽ മേൽ ഗുരുതര ചട്ട ലംഘനത്തിന് ശ്രീ.എൻ സൈറോജ് എന്ന താങ്കളെ 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

കോർപ്പറേഷന്റെ ശിക്ഷ ശ്രീ.എൻ സൈറോജ് എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ ഷാജി

( ഗവ : ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ(വിജിലൻസ്)

സ്വീകർത്താവ്,

ശ്രീ.എൻ സൈറോജ്,കണ്ടക്ടർ,ആലുവ
(ജില്ലാ അധികാരി എറണാകുളം മുഖാന്തരം)

പകർപ്പ്: ജില്ലാ അധികാരി എറണാകുളം ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതി വച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതാണ്.

ഫയൽ& സ്റ്റോക്ക് ഫയൽ

DL